"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കൊയിലാണ്ടി നഗരസഭയിൽ **2025** വർഷം കുടിവെള്ള വിതരണം നടത്തിയ വകയിൽ സർക്കാർ ഉത്തരവിൽ അധികരിച്ച് ചെലവായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.2141/2026/LSGD തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:-
1. **04.03.2025** ലെ സ.ഉ.(സാധാ)നം.**605/2025**/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
2. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ **20.07.2026** ലെ **LSGD/JD/KKD/5168/2026-B1** നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **06.08.2026** ലെ **LSGD/PD/23499/2026/DPLC2** നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിൽ **2025** ലെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കൊയിലാണ്ടി നഗരസഭയുടെ ഭൂരിപക്ഷം പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം നേരിട്ടതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രൊജക്ട് നമ്പർ - **32** പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടി ശ്രീ അഭിലാഷ് പി. പി. ശ്രീശക്തൻ വാട്ടർ സപ്ലൈ കൊയിലാണ്ടി എന്നയാളെ ചുമതലപ്പെടുത്തുകയും **2025** മെയ് **8** മുതൽ മെയ് **28** തിയ്യതി വരെ ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ ആകെ **24,07,000/-** രൂപ ചെലവ് വന്നുവെന്നും പരാമർശം **(1)** ഉത്തരവ് പ്രകാരം മുൻസിപ്പാലിറ്റികൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ പരമാവധി ചെലവഴിക്കാൻ അനുമതിയുള്ള തുക **17** ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂവെന്നും ആയതിൽ അധികരിച്ച് ചെലവായ **7,07,000/-** രൂപ കരാറുകാരന് നൽകുവാനുണ്ടെന്ന് നഗരസഭയുടെ ഭൂവിസ്തൃതി, ശുദ്ധമായ കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥ എന്നിവ പരിഗണിച്ചാണ് കൂടുതൽ തുകയ്ക്ക് കുടിവെള്ളം വിതരണം ചെയ്തതെന്നും ആയതിനാൽ പരാമർശിത സർക്കാർ ഉത്തരവിനൽ നിഷ്കർശിച്ചിട്ടുള്ള തുക അധികരിച്ച് ചെലവായ **7,07,000/-** രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം

(2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) കൊയിലാണ്ടി നഗരസഭയുടെ **06.11.2025** തീയതിയിലെ യോഗത്തിലെ **25-**ാം നമ്പർ തീരുമാനത്തിൽ **01.04.2025** മുതൽ **07.05.2025** വരെ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ **16,80,000/-** രൂപ നൽകാനുണ്ടെന്നും **08.05.2025** മുതൽ **28.05.2025** വരെ വിതരണം നടത്തിയ ഇനത്തിൽ **7,07,000/-** രൂപയും നൽകാനുള്ളതായും പരാമർശിച്ചിട്ടുണ്ട്. അത് പ്രകാരം കുടിവെള്ള വിതരണത്തിലെ ആകെ ചെലവ് **23,87,000/-** രൂപയാണ് എന്ന് കാണുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊയിലാണ്ടി നഗരസഭ സെക്രട്ടറി കോഴിക്കോട് ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകളുടെയും **06.11.2025** തീയതിയിലെ നഗരസഭയുടെ യോഗത്തിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ **01.04.2025** മുതൽ **28.05.2025** വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ, സർക്കാർ ഉത്തരവ് പ്രകാരമുള്ള **17** ലക്ഷം രൂപയിൽ അധികരിച്ച് ചെലവായ **6,87,000/-** രൂപയുടെ, ചെലവ് ആധികാരികത കൊയിലാണ്ടി നഗരസഭ സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ കൊയിലാണ്ടി നഗരസഭയുടെ തനത്/വികസനഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് II) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ **(DC2/130/2026/LSGD)**

ഉത്തരവിൻ പ്രകാരം
Digitally signed by Shaija R M
Date: 10-11-2026 16:41:40
സെക്ഷൻ ഓഫീസർ